പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *691 16/07/2012 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിന്റെ സേവനങ്ങളിൽ സുതാര്യത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. റ്റി.എൻ. പ്രതാപൻ:<br>ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. ആർ. സെൽവരാജ്: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾ, സാമ്പത്തിക സേവനങ്ങൾ എന്നിവ സുതാര്യതയോടെ കൈകാര്യം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; | (എ) റവന്യൂ വകുപ്പിൽ കണ്ണൂർ, പാലക്കാട് എന്നീ രണ്ടു ജില്ലകളിൽ ഐ.റ്റി.മിഷന്റെ സഹായത്തോടെ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റ് വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. അതിൻ പ്രകാരം ഒരു പൗരന് അക്ഷയ കേന്ദ്രങ്ങളിൽ നിന്നും അപേക്ഷ പ്രകാരം ഡിജിറ്റൽ ഒപ്പോടു കൂടിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതോടൊപ്പം സർട്ടിഫിക്കറ്റിന് അപേക്ഷിച്ച വ്യക്തിയുടെ രേഖകളിൽ ഉള്ള വിവരങ്ങൾ ഇ-ഡിസ്ട്രിക്ട് ഡാറ്റാ ബേസിൽ ശേഖരിക്കപ്പെടുകയും ആയത് പിന്നീടുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ആഫീസ് സന്ദർശിക്കാതെ തന്നെ പ്രസ്തുത പൗരന് സർട്ടിഫിക്കറ്റ് നൽകുന്നതിന് സഹായകമാകുകയും ചെയ്യും.<br>കൂടാതെ പുതുതായി തുടങ്ങുവാനുദ്ദേശിക്കുന്ന Unique Thandaper Number Card എന്ന പദ്ധതി വഴി റവന്യൂ കാർഡ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ ഉൾക്കൊള്ളിച്ച്, സർട്ടിഫിക്കറ്റുകളുടെ വിതരണം തന്നെ കാലാന്തരത്തിൽ പരമാവധി കുറയ്ക്കുവാനും കഴിയും.<br>പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന തുകകൾ സർക്കാർ ഖജനാവിലേയ്ക്ക് അപ്പപ്പോൾ തന്നെ മുതൽ കൂട്ടുന്നതിനും, അടിസ്ഥാന ഭൂനികുതി, ബിൽഡിംഗ് ടാക്സ്, പ്ലാന്റേഷൻ ടാക്സ്, റവന്യൂ റിക്കവറി മുതലായ ഇനങ്ങളിൽ വരുന്ന തുക എപ്പോഴും, എവിടെയും സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് 'ഓൺലൈൻ പേയ്മെന്റ് |

| | | |
|---|---|---|
| | | ഗേറ്റ്‌വേ' സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി നടന്നു വരികയുമാണ്. ഇപ്രകാരമുള്ള കമ്പ്യൂട്ടർ അധിഷ്ഠിത നൂതന സാങ്കേതിക വിദ്യകളുടെയും ആശയങ്ങളുടെയും പിൻബലത്തോടുകൂടി റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങൾ കാര്യക്ഷമവും സുതാര്യവും ആക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഇതിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായം ഉപയോഗപ്പെടുത്തുമോ; | (ബി) പൂർണ്ണമായും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടിയാണ് ഇത് നടപ്പിലാക്കുന്നത്. |
| (സി) | ഇത് നടപ്പാക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുമോ; | (സി) 2000 ലെ കേന്ദ്ര സർക്കാരിന്റെ സാങ്കേതിക വിദ്യ ആക്ടിലെ 90(5), 90(6)(എ) എന്നീ വകുപ്പുകൾ പ്രകാരം അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും തുകകൾ സ്വീകരിക്കുന്നതിനോ, നൽകുന്നതിനോ ഉള്ള ഇലക്ട്രോണിക് ഫോറം നിർണ്ണയിക്കാനും സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാകുന്ന 23 ഇ-സേവനങ്ങൾ നിശ്ചയിച്ച് 04.08.2010 ലെ ജി.ഒ.(പി) 24/2010/വി.സാ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | (ഡി) സർട്ടിഫിക്കറ്റു വിതരണവുമായി ബന്ധപ്പെട്ട് ഇതിനോടകം തന്നെ ആവശ്യമായ നിയമഭേദഗതികൾ നിലവിൽ വന്നിട്ടുള്ളതാണ്. എന്നാൽ സാമ്പത്തിക സേവനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ